# Women Security and Workplaces in India

**Dr. Shamshad Hussain K. T**

The Syndicate Meeting of the Calicut University in Kerala held on March 16, 2022, had taken an important decision by approving to dismiss a faculty in the university campus. Dismissal of a person from his service is no matter of celebration, but the incident gives hope against the increasing number of sexual harassment in workplaces. Several sexual assault cases have been reported in Kerala that led to punishments like suspension of the accused. The accused were often acquitted by the court on minimal procedural charges. The Internal Placement Cell on the campus investigated the complaint, collected testimonies and submitted the report to the university. The dismissal of the faculty by the university is hence a significant action taken against sexual harassment of women. The presence of mind and integrity in the testimony of the complainant is appreciable. The girls overcame several threats and dissuasions even from their families and stood firmly on their complaint. People who are quite sure of the wrong done by the accused also rely on victim-blaming in such situations. The Syndicate members and the Investigation Committee also unanimously found the accused guilty and submitted the report to the Vice-Chancellor. Finally, the action was taken on the 16th of March, 2022. The editors of Ishal Paithrkam express our gratitude to the Vice Chancellor and the Syndicate members on behalf of every woman facing sexual harassment.

The leader of the Telangana Struggle and Communist Party of India (Marxist) leader Mallu Swarajyam has passed away recently.

She shared her experiences of the Telangana Struggle in the book We Are Making History along with others. A Ph. D dissertation submitted before the Telangana Struggle testifies about the participation of armed women in wars. Mallu Swarajyam and fourteen other women talk about their experiences in the Telangana Struggle in this book. Swarajyam has been part of the Guerrilla squads of the struggle. When the struggle was over, the women participants were asked to go back to their homes and get married. They testify that even though the struggle freed them, the patriarchal society reminded them that their future is confined in the walls of their houses. What hurt them most was not the physical injuries of war, but the advice that women are supposed to stay at home (272). Who needs a home? Who needs the protection and security of a home? The question needs to be answered. The history of Mallu Swarajyam's future in the later years of Indian Politics needs to be written as well. The institutions and the established system give minority status to women. Women have to detach themselves or struggle against these circumstances to work in the public and private spheres. So, history changes when women start to speak out.

Prof.(Dr) Shamshad Hussain KT
Editor
ORCID: 0000-0002-2757-3575

എഡിറ്റോറിയൽ

# സ്ത്രീ സുരക്ഷിതത്വവും തൊഴിലിടവും

ഡോ. ഷംഷാദ് ഹുസൈൻ കെ.ടി

2022 മാർച്ച് 16ന് ചേർന്ന കാലിക്കറ്റ് സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് സുപ്രധാനമായ ഒരു തീരുമാനം എടുക്കുകയുണ്ടായി. യൂണിവേഴ്സിറ്റിയുടെ തന്നെ കാമ്പസിൽ ജോലി ചെയ്തുവരുന്ന അധ്യാപകനെ സർവ്വീസിൽനിന്ന് നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവിനെ അംഗീകരിക്കലായിരുന്നു അത്. ഒരാളെ സർവ്വീസിൽനിന്ന് പിരിച്ചുവിട്ടു എന്നത് ഒരിക്കലും സന്തോഷിക്കാനുള്ള വക നൽകുന്നതല്ല. എന്നാൽ കേരളത്തിൽ എത്രയോ കാലമായി ലൈംഗിക പീഢന പരാതികൾ ഉണ്ടാവുന്നുണ്ട്. പല ഘട്ടങ്ങളിലും സസപെൻഷൻ പോലുള്ള ശിക്ഷാനടപടികൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിലപ്പുറം നടപടികൾ ഉണ്ടായിട്ടില്ല. അങ്ങിനെ നടപടികൾ ഉണ്ടായിടത്തുപോലും കോടതി ചില നിസ്സാര നടപടിക്രമം (Procedure) പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് ശിക്ഷയിൽനിന്ന് ഒഴിവാക്കി വിട്ടിട്ടുമുണ്ട്. അപ്പോഴാണ് ഇത്തരത്തിലുള്ള ഒരു പരാതിയിന്മേൽ നടപടി വരുന്നത് ഏറെ പ്രസക്തമാവുന്നത്. പരാതിയിൽ നേരിട്ട് എടുത്ത നടപടിയല്ല ഇത്. കാമ്പസിലെ ഇന്റേണൽ കംപ്ലയ്ന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും പലരുടെയും മൊഴിയെടുക്കുകയും ചെയ്തതിനുശേഷം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണീ നടപടി. കമ്മിറ്റിക്കുമുന്നിൽ മൊഴി കൊടുക്കാനും പരാതിയിൽ ഉറച്ചുനിൽക്കാനും തീരുമാനിച്ച വിദ്യാർത്ഥികളുടെ മനോധൈര്യം ഏറെ പ്രധാനമാണ്. പലതരത്തിലുള്ള ഭീഷണികളെ നേരിട്ടും വീട്ടിൽനിന്നുള്ള പ്രതിബന്ധങ്ങളെയുമെല്ലാം ഒരേസമയം ഈ പെൺകുട്ടികൾ തരണം ചെയ്തിട്ടുണ്ട്. അധ്യാപകർ തെറ്റെചെയ്തിട്ടുണ്ട് എന്ന് ഉറപ്പുള്ളവർപോലും പലപ്പോഴും ഈ വിദ്യാർത്ഥികളിൽ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടോയെന്ന് ചികഞ്ഞുനോക്കി പ്രശ്നത്തിന്റെ കുറ്റകരമായ

ഉത്തരവാദിത്തം പെൺകുട്ടിയിലാരോപിക്കുന്നതുകാണാം. ഇങ്ങനെയുള്ളവർ വിദ്യാർത്ഥികളിലും അധ്യാപകരിലും എല്ലാ വിഭാഗത്തിലുമുണ്ടെങ്കിലും അതിനെയെല്ലാം മറികടക്കാൻ അന്വേഷണ സമിതിക്കും കഴിഞ്ഞു. അവർ നൽകിയ ശക്തമായ റിപ്പോർട്ടുതന്നെയാണീ ശിക്ഷാനടപടിക്ക് വലിയ തുണയായത്. ഈ റിപ്പോർട്ട് സിൻഡിക്കേറ്റിൽ അവതരിപ്പിച്ചപ്പോൾ അധ്യാപകൻ കുറ്റക്കാരനാണെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാവുകയും ഉചിതമായ നടപടി അതിന്റെ ക്രമത്തിൽ സ്വീകരിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയുമാണ് ചെയ്തത്.

ആ നിർണ്ണായക തീരുമാനമാണ് 16-ാം തിയ്യതി സിൻഡിക്കേറ്റിൽ പാസ്സാക്കിയത്. കേരളത്തിൽ ഇത്തരത്തിൽ പ്രശ്നമനുഭവിക്കുന്ന എല്ലാ പെൺകുട്ടികൾക്കും വേണ്ടി വൈസ് ചാൻസലറോട് നന്ദി പറയുന്നു. ഈ തീരുമാനം അംഗീകരിച്ച സിൻഡിക്കേറ്റിനോടും.

കഴിഞ്ഞ ദിവസം മല്ലു സ്വരാജും അന്തരിച്ചു. തെലുങ്കാന സമരത്തിലെ പോരാളി, മുതിർന്ന സി.പി.ഐ.എം. നേതാവ് എന്നിങ്ങനെയാണവരുടെ വിശേഷണങ്ങൾ. തെലങ്കാന സമരത്തെക്കുറിച്ചുള്ള We were makiing history എന്ന പുസ്തകത്തിൽ മല്ലു സ്വരാജും അവരുടെ അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ട്. ഈ പുസ്തകം ഇറങ്ങുന്നതിനുമുമ്പ് ഒരു പി.എച്ച്,ഡി. പ്രബന്ധം തെലുങ്ങാന സമരത്തെക്കുറിച്ച് ഇറങ്ങിയിരുന്നു. അതിൽ എല്ലാതരം യുദ്ധരംഗത്തും സ്ത്രീകൾ പങ്കെടുത്തിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. പുരുഷന്മാരെപ്പോലെതന്നെ ആയുധമെടുത്ത് പോരാടിയതായും സാക്ഷ്യപ്പെടുത്തുന്നു. അതിനുശേഷമാണ് മല്ലുസ്വരാജ്യവും അതുപോലുള്ള മറ്റ് പതിനാല് സ്ത്രീകളും അവരുടെ അനുഭവങ്ങൾ പങ്കുവെച്ചത്. അതിനുശേഷം ഈ ചിത്രത്തിൽ വലിയ മാറ്റമുണ്ടായി. തെലുങ്കാന സമരത്തിലെ ഗറില്ലാ സ്ക്വാഡിൽ വരെ പങ്കെടുക്കുന്നവരായിരുന്നു മല്ലു സ്വരാജ്യം. ഒടുവിൽ സമരം കഴിഞ്ഞപ്പോൾ അവരോട് പറഞ്ഞത്രേ സമരമെല്ലാം കഴിഞ്ഞല്ലോ... ഇന പോയി കല്യാണം കഴിക്കൂ എന്ന്. അവർ പറയുന്നു. സമരം ഞങ്ങളെ സ്വതന്ത്രരാക്കി. പോരാട്ടത്തിന്റെ നാളുകൾ കഴിഞ്ഞപ്പോൾ തകർത്തെറിഞ്ഞ മതിൽകെട്ടുകളെല്ലാം കൂടുതൽ ബലത്തിൽ ഇവരെ കുടുംബത്തിനകത്തേക്ക് ബന്ധിക്കുകയാണുണ്ടായത്. വീട്ടിനകത്തേക്ക് മടങ്ങാനും അതാവണുരുടെ യഥാർത്ഥ ഇടം എന്നുമുള്ള ഉപദേശമാണ് കൂടുതൽ തങ്ങളെ വേദനിപ്പിച്ചത് (272) എന്നാണവർ രേഖപ്പെടുത്തുന്ന

ത്. സത്യത്തിൽ വീട് ആർക്കുവേണ്ടിയുള്ളതാണ്? ആരാണ് അതിൽ സുരക്ഷിതത്വവും സംരക്ഷണവും ആഗ്രഹിക്കുന്നത്? എന്തായാലും അവർ ഇപ്പോഴും പാർട്ടിയിൽ പ്രവർത്തിക്കുന്നുവെങ്കിൽ അതിന്റെ ചരിത്രംകൂടി എഴുതപ്പെടേണ്ടതാണ്. പൊതുവായ പ്രസ്ഥാനങ്ങൾ മാത്രമല്ല, സ്ഥാപനങ്ങളൊക്കെയും സ്ത്രീക്ക് വ്യത്യസ്ത അനുഭവമാണ് നൽകുന്നത്. പലപ്പോഴും മാറിനിന്നോ സംഘര്ഷങ്ങളിലൂടെയോ ആണ് സ്ത്രീകൾക്ക് പ്രവർത്തിക്കാനാവുന്നത്. അതായത് സ്ത്രീകൾ സംസാരിച്ചുതുടങ്ങിയാൽ ചരിത്രം മാറം എന്നുതന്നെ....

*എഡിറ്റർ*
*ഇശൽ പൈതൃകം*